**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1797** **31-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എൻ . ഷംസുദ്ദീൻ</td><td colspan="2">ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കെ.എസ്.ആർ.ടി.സി. നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്; എന്നുമുതലാണ് പ്രസ്തുത വായ്പകൾ എടുത്തിട്ടുള്ളത്; വായ്പ തുകയുടെ വിശദവിവരം നൽകുമോ;</td><td>(എ)</td><td>സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി 31/3/2018-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിലുള്ള കൺസോർഷ്യം രൂപീകരിച്ച് 3100 കോടി രൂപ വായ്പയായി സമാഹരിച്ചിട്ടുണ്ട്. ടി കൺസോർഷ്യത്തിൽ ഉൾപ്പെട്ട ബാങ്കുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><br>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 1000<br>കാനറ ബാങ്ക് | 500<br>ബാങ്ക് ഓഫ് ബറോഡ | 500<br>കെ.ടി.ഡി.എഫ്.സി. | 150<br>ലക്ഷ്മിവിലാസ് ബാങ്ക് | 150<br>ആന്ധ്ര ബാങ്ക് | 500<br>യൂണിയൻ ബാങ്ക് | 300<br>ആകെ | 3100<br><br>ഇതിനു പുറമെ ശമ്പളം ഉൾപ്പെടെയുള്ള അടിയന്തിര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>എത്ര ശതമാനം പലിശയ്ക്കാണ് ഓരോ വായ്പയും എടുത്തിട്ടുള്ളത്; മുതൽ ഇനത്തിലും പലിശയിനത്തിലും നാളിതുവരെ തിരിച്ചടച്ച തുകയുടെയും ഇനി തിരിച്ചടയ്ക്കാനുള്ള തുകയുടെയും വിശദവിവരം നൽകുമോ?</td><td>(ബി)</td><td>സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള കൺസോർഷ്യം വായ്പ 9.20% നിരക്കിലാണ് ലഭ്യമായതെങ്കിലും വിവിധ ഘട്ടങ്ങളിലായി പലിശ നിരക്ക് കുറഞ്ഞ് 8.5% വരെ എത്തിയിരുന്നു. ടി വായ്പയുടെ മുതലും പലിശയുമടക്കം 31/07/2022 വരെ 1311.89 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്. ഇതേ തീയതിയിലെ കണക്കനുസരിച്ച് 3014.33 കോടി രൂപ ടി വായ്പയിൽ ഇനി ഒടുക്കാനുമുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 9.30% പലിശ നിരക്കിലാണ് ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയിരിക്കുന്നത്. ഒരു മാസത്തെ തിരിച്ചടവ് കാലവധിയിലാണ് ടി ഓവർഡ്രാഫ്റ്റ് വായ്പ അനുവദിക്കുന്നത്. എന്നാൽ കെ.എസ്.ആർ.ടി.സി.യിലെ കടുത്ത സാമ്പത്തിക പ്രതിസന്ധി നിമിത്തം നിലവിലെ വായ്പ നാളിതുവരെയും ഒടുക്കിത്തീർക്കാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ